# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :333**      **14.10.2011-ൽ മറുപടിയ്ക്ക്**

## അധികാര വികേന്ദ്രീകരണം

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' കെ. ശിവദാസൻ നായർ
'' എം.എ. വാഹിദ്
'' പി.സി. വിഷ്ണുനാഥ്

(എ) അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് ജാഗ്രതാ സമിതികളെയും ബാലസഭകളെയും എങ്ങിനെ ഫലപ്രദമായി വിനിയോഗിക്കുവാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**ഉത്തരം**

ഡോ: എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

(എ) അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് ജാഗ്രതാ സമിതികൾ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീകളുംപെൺകുട്ടികളും കക്ഷികളായിട്ടുളള ഏതുപരാതികളുംസ്വീകരിക്കുക,എത്രയും പെട്ടെന്ന് ആവശ്യമായ ഇടപെടലുകളും പരിഹാരവും സഹായ സംവിധാനവും ഉണ്ടാക്കുക,സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന ഏത് അതിക്രമത്തിനും, വിവേചനത്തിനും, നിയമലംഘനത്തിനും, ചൂഷണത്തിനും അനീതിക്കും എതിരെസ്വയം ഇടപെടുക, പരിഹരിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുക, തദ്ദേശ സ്വയംഭരണസർക്കാരുകളുടെ സ്ത്രീപക്ഷ പ്രവർത്തനങ്ങൾക്ക് സഹായവും നിർദ്ദേശവും പിൻതുണയും നൽകുക എന്നീ പ്രവർത്തനങ്ങളാണ് ജാഗ്രതാ സമിതി മുഖാന്തിരം നടത്തുന്നത്. ഇത്തരം പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ഏകോപിപ്പിച്ചു ശക്തമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനുളള പരിശീലന പരിപാടികൾ നടത്തി വരുന്നു.

കുട്ടികളുടെ സർഗ്ഗാത്മകവും വൈജ്ഞാനികവുമായ വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ശിശുവികസന പരിപാടിയാണ് ബാലസഭകൾ. പഞ്ചായത്തു തലത്തിൽ ബാലസഭാംഗങ്ങളുടെ ശബ്ദം എത്തിക്കുന്നതിനും പഞ്ചായത്തുകളുടെ വികസന പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമാണ് ബാലസഭാ പ്രതിനിധികളടങ്ങിയ ബാലപഞ്ചായത്ത് ബാലസഭകളുടെപഞ്ചായത്തുതല സമിതിയായി പ്രവർത്തിക്കുന്നത്.

(ബി) ഇതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക, സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത് കണ്ടെത്തി സഹായ സമിതിയുടെസഹായത്തോടെ പരിഹരിക്കാനായി ഇടപെടുക, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക, സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശനങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധനങ്ങളെ സഹായിക്കുക, സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും, അവകാശ ലംഘനങ്ങളെക്കുറിച്ചും,ലംഘനങ്ങളുണ്ടാകുമ്പോൾ പരിഹരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചുംബോധവത്ക്കരിക്കുക. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ജാഗ്രതാ സമിതി ഊന്നൽനൽകുന്നു. കർമ്മപരിപാടിയുടെ ഭാഗമായി അംഗങ്ങൾക്ക് പരിശീലനവും നൽകുന്നുണ്ട്.

കുട്ടികളിൽ പ്രാദേശിക ഭരണ സംവിധനത്തെക്കുറിച്ചും ജനാധിപത്യ പ്രക്രിയയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ചുവടെ സൂചിപ്പിക്കുന്ന കർമ്മ പരിപാടികൾ ബാലസഭകൾ മുഖേന നടത്തിവരുന്നു.

1. വാരാന്ത്യ പഠന ക്ലാസ്സുകൾ
2. ബോധവൽക്കരണ ക്യാമ്പുകൾ(ആരോഗ്യം)
3. കായികം(സാഹസിക കായിക വിനോദങ്ങൾ)
4. വിഷയാസ്പദ പരിശീലനക്യാമ്പുകൾ (വൈദഗ്ദ്ധ്യ വികസനം, വ്യക്തിത്വ വികസനം)
5. ടീൻ ക്യാമ്പ് - കൗമാരപ്രായക്കാർക്ക് (മന:ശാസ്ത്ര വിഷയങ്ങൾ)
6. സഹവാസ ക്യാമ്പുകൾ (സംസ്ഥാന തലത്തിൽ)
7. കുട്ടികളുടെ അവകാശങ്ങൾ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങൾ
8. പരിസര ശുചീകരണ പ്രവർത്തനങ്ങൾ
9. പ്രാദേശിക ചരിത്ര പഠനയാത്ര
10. സമകാലികവിഷയങ്ങൾ സംബന്ധിച്ച ചർച്ചകൾ, സംവാദങ്ങൾ

14. [illegible]

15. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തെ ക്കുറിച്ചുള്ള പഠനം.

16. പഞ്ചായത്ത്/നഗരസഭ തലത്തിലുള്ള സാംസ്കാരിക വിദ്യാഭ്യാസ സംഘടനകളും സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടുള്ളപരിപാടികളും ആസൂത്രണം ചെയ്യാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | കിലയുടെ പ്രവർത്തനങ്ങൾ ഈ ഉദ്ദേശത്തിനായി ഉപയോഗപ്പെടുത്തുമോ? | (സി) | ജാഗ്രതാസമിതികളുടെ ശാക്തീകരണത്തിനായി പരിശീലന പരിപാടികൾക്ക് കില രൂപം നൽകുന്നതാണ്. ഇതോടൊപ്പം പഞ്ചായത്തുകളെ സഹായിക്കുന്നതിനായി മാസ്റ്റർ ട്രെയിനർമാരുടെ സേവനം കിലലഭ്യമാക്കുന്നതാണ്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളുടെ അനുഭവം പങ്കിടൽ ശില്പശാലകളും പഠനസന്ദർശനങ്ങൾക്കും കില നേതൃത്വം നൽകുന്നതാണ്.<br><br>UNICEF ൻെറ സഹായത്തോടെ കുട്ടികളുടെ സമഗ്ര വികസന പദ്ധതിക്ക് കില രൂപം നൽകി കഴിഞ്ഞു. ശിശു സൗഹൃദ പഞ്ചായത്ത് രൂപപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി ബാലസഭകൾ സജീവമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകും. കുട്ടികളുടെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്ക് രൂപംനൽകാൻ പഞ്ചായത്തുകളെ സഹായിക്കുന്നതിനായി 5 ജില്ലകളിൽ (കാസറഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ)പരിശീലനം ആരംഭിച്ചു കഴിഞ്ഞു. 2012-ൽ മറ്റ് ജില്ലകളിലും കൂടി പരിശീലനം വ്യാപിപ്പിക്കുന്നതാണ്. ഇതോടൊപ്പം തന്നെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ബാലസഭകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ